## പത്രക്കുറിപ്പ്

### കാവുകൾക്ക് ധനസഹായം

തിരുവനന്തപുരം ജില്ലയിലെ കാവുകൾ സംരക്ഷിച്ച് പരിപാലിച്ച് വരുന്നതിന് 2022-2023 വർഷത്തിൽ സാമ്പത്തിക സഹായം നൽകുന്നതിന് സംസ്ഥാന വനം വന്യജീവി വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം നൽകുന്നത്. താൽപര്യമുള്ള കാവുടമസ്ഥർക്ക് കാവിന്റെ വിസ്തൃതി, ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 31.08.2022-ാം തീയതി വരെ അപേക്ഷ സമർപ്പിക്കേണ്ട തീയതി നീട്ടിയിട്ടുണ്ട്. മുൻപ് കാവുസംരക്ഷണത്തിന് ധനസഹായം ലഭിച്ച ഉടമസ്ഥർ അപേക്ഷ സമർപ്പിയ്ക്കേണ്ടതില്ല.

### വനമിത്ര അവാർഡ്

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം വന്യജീവി വകുപ്പ് 2022-2023 വർഷത്തിൽ വനമിത്ര അവാർഡ് നൽകുന്നു. 25,000/-രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽ ക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽനിന്നും ഒരു അവാർഡ് വീതം നൽകുന്നു. തിരുവനന്തപുരം ജില്ലയിൽ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 31.08.2022-ാം തീയതി വരെ അപേക്ഷ സമർപ്പിക്കേണ്ട തീയതി നീട്ടിയിട്ടുണ്ട്.

### സ്വകാര്യഭൂമിയിൽ വൃക്ഷം വളർത്തൽ പ്രോൽസാഹനധനസഹായ പദ്ധതി

സ്വാകാര്യ ഭൂമിയിൽ വൃക്ഷങ്ങൾ വളർത്തുന്നതിനുള്ള പ്രോൽസാഹന ധനസഹായം നൽകുന്നതിനായും അപേക്ഷ ക്ഷണിക്കുന്നു. സ്വാകാര്യ ഭൂമിയിൽ നട്ടുവളർത്തിയ തൈകളുടെ എണ്ണവും ഇനവും,(തേക്ക്, ആഞ്ഞിലി, ചന്ദനം, മഹാഗണി, പ്ലാവ് ,റോസ് വുഡ്, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നീ ഇനത്തിലുള്ള തൈകളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്) ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം നിശ്ചിത അപേക്ഷയിൽ തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 31.08.2022-ാം തീയതി വരെ അപേക്ഷ സമർപ്പിക്കേണ്ട തീയതി നീട്ടിയിട്ടുണ്ട്.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
തിരുവനന്തപുരം